Syro Malabar Commission for Liturgy



# നോമ്പ് രണ്ടാം ശനി - മത്താ 11: 16-19

യോഹന്നാൻ മാംദാനയെയും ഈശോയെയും എതിർക്കുന്ന തലമുറയെ ഈശോ കുറ്റപ്പെടുത്തുന്നതാണ് സുവിശേഷഭാഗം. ചന്തസ്ഥലത്തിരുന്ന് കളിക്കുന്ന കുട്ടികളോടാണ് ദൈവകല്പനകൾ അവഗണിക്കുന്ന തലമുറയെ ഈശോ താരതമ്യം ചെയ്യുന്നത്. യോഹന്നാൻ മാംദാനയും ഈശോയും ദൈവരാജ്യത്തെക്കുറിച്ചാണ് പ്രസംഗിച്ചത്. യോഹന്നാൻ ഭക്ഷണത്തിലും വേഷത്തിലും താപസനായിരുന്നു. താപസശൈലിയിൽ അവരോട് മാനസാന്തരത്തിന്റെ സുവിശേഷം പ്രഘോഷിച്ചു. ഈശോയാകട്ടെ പാപികളുടെയും ചുങ്കക്കാരുടെയും ഇടയിൽ പ്രവർത്തിക്കുകയും അവരുടെ സ്നേഹിതനായി വർത്തിക്കുകയും ചെയ്തു. പക്ഷെ, ഈ രണ്ടുപേരുടെയും പ്രബോധനങ്ങളെയും യഹൂദജനത നിരാകരിച്ചു.

സർവ്വരുടെയും രക്ഷ സൂചിപ്പിച്ചുകൊണ്ട് പ്രവാചകർ ഗീതം ആലപിക്കുകയും കരയുകയും വിലപിക്കുകയുമൊക്കെ ചെയ്യുന്നതായി പഴയനിയമത്തിൽ നമ്മൾ വായിക്കുന്നു. എങ്കിലും പ്രവാചകവചസ്സുകൾക്കനുസരിച്ച് ഇസ്രായേല്ക്കാർ മാനസാന്തരത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കാത്തതിനെയാണ് ഈശോ കുറ്റപ്പെടുത്തുന്നതെന്നാണ് വി.അംബ്രോസ് പറയുന്നത്. ദൈവികഅടയാളങ്ങളും നിർദേശങ്ങളും വിവേചിച്ചറിഞ്ഞ് സുവിശേഷാനുസൃതം നമുക്ക ജീവിക്കാം. അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും ഫലങ്ങൾ പുറപ്പെടുവിക്കാം.

ആരാധനക്രമകമ്മീഷൻ

മൗണ്ട് സെന്റ് തോമസ്, കാക്കനാട്